# ക്ലാസ് - 4 (സാമൂഹ്യശാസ്ത്രം)

**ചോദ്യം 1**

**യൂണിറ്റ്** : യൂണിറ്റ് 1, ആദ്യകാല മനുഷ്യജീവിതം

**പഠനനേട്ടം** : വിവിധ ശിലായുഗ കാലഘട്ടങ്ങളെ താരതമ്യം ചെയ്യുന്നു.

**ആശയം** : പ്രാചീനകാല ആയുധങ്ങളും ഉപകരണങ്ങളും

**ചിന്താശേഷികൾ** : താരതമ്യം ചെയ്യൽ, പൊരുത്തപ്പെടുത്തൽ, യുക്തിപൂർവ്വം ബന്ധം കണ്ടെത്തൽ

**Q** പ്രാചീന ശിലായുഗം മുതൽ താമ്രശിലായുഗം വരെയുള്ള കാലഘട്ടങ്ങളിൽ ഉപയോഗിച്ചിരുന്ന ആയുധങ്ങളാണ് ചുവടെ സൂചിപ്പിച്ചിട്ടുള്ളത്. അവയെ കാലഗണനയ്ക്കനുസരിച്ച് ശരിയായി ക്രമപ്പെടുത്തിയത് a, b, c, d എന്നിവയിൽ നിന്നും തെരഞ്ഞെടുത്തെഴുതുക. (1)

(i) പരുക്കൻ ശിലായുധങ്ങൾ
(ii) മിനുസപ്പെടുത്തിയ ശിലായുധങ്ങൾ.
(iii) ശിലായുധങ്ങൾക്കൊപ്പം ചെമ്പുകൊണ്ടുള്ള ഉപകരണങ്ങൾ
(iv) സൂക്ഷ്മശിലായുധങ്ങൾ

**(a) i, ii, iii, iv (b) ii, iii, i, iv (c) i, iv, ii, iii (d) ii, iv, iii, i**

**സൂചകങ്ങൾ**

c) i, iv, ii, iii (1)

**ചോദ്യം 2**

**യൂണിറ്റ്** : യൂണിറ്റ് 1, ആദ്യകാല മനുഷ്യജീവിതം

**പഠനനേട്ടം** : വിവിധ ശിലായുഗകാലഘട്ടങ്ങളെ താരതമ്യം ചെയ്യുന്നു.

**ആശയം** : ശിലായുഗങ്ങൾ

**ചിന്താശേഷികൾ** : താരതമ്യം ചെയ്യൽ, നിഗമനം രൂപീകരിക്കൽ

**Q** ചുവടെ കൊടുത്തിട്ടുള്ളവയിൽ ഏത് കാലഘട്ടമാണ് സൂക്ഷ്മശിലായുഗം എന്നറിയപ്പെടുന്നത്? (1)

(a) പ്രാചീനശിലായുഗം (b) മധ്യശിലായുഗം
(c) നവീനശിലായുഗം (d) താമ്രശിലായുഗം

**സൂചകങ്ങൾ**

(b) മധ്യശിലായുഗം

**ചോദ്യം 3**

**യൂണിറ്റ്** : യൂണിറ്റ് 2, നദീതട സംസ്കാരങ്ങളിലൂടെ

**പഠനനേട്ടം** : ഈജിപ്ഷ്യൻ സംസ്കാരത്തിന്റെ നേട്ടങ്ങളും സവിശേഷതകളും വിശകലനം ചെയ്യുന്നു.

**ആശയം** : ഈജിപ്ഷ്യൻ സംസ്കാരം - സ്ഥാനം, ശില്പവൈദഗ്ദ്ധ്യം, ശാസ്ത്രം

**ചിന്താശേഷികൾ** : ബന്ധം കണ്ടെത്തൽ, നിഗമനം രൂപപ്പെടുത്തൽ, വിശദീകരിക്കൽ

**Q** വെങ്കലയുഗ സംസ്കാരങ്ങളുമായി ബന്ധപ്പെടുത്തി ചുവടെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

(a) നൈൽ നദിയുടെ തീരത്ത് രൂപംകൊണ്ട വെങ്കലയുഗ സംസ്കാരം ഏതാണ്? (1)

(b) ഈ സംസ്കാര കാലഘട്ടത്തിൽ പ്രതിമാനിർമ്മാണത്തിലുള്ള വൈദഗ്ദ്ധ്യത്തിന് ഒരു ഉദാഹരണം എഴുതുക. (1)

(c) സൂര്യനെ അടിസ്ഥാനമാക്കി ഈ സംസ്കാര കാലഘട്ടത്തിൽ രൂപപ്പെടുത്തിയ കലണ്ടറിന്റെ പ്രത്യേകത വിശദമാക്കുക. (3)

**സൂചകങ്ങൾ**

(a) ഈജിപ്ഷ്യൻ സംസ്കാരം

(b) സ്ഫിംഗ്സ് (മനുഷ്യന്റെ തലയും സിംഹത്തിന്റെ ഉടലും)

(c)
- 12 മാസങ്ങൾ - 30 ദിവസം വീതമുള്ള
- ഒരു വർഷം 365 ദിവസങ്ങൾ
- ശേഷിക്കുന്ന 5 ദിവസങ്ങൾ ആഘോഷങ്ങൾക്ക്

**ചോദ്യം 4**

**യൂണിറ്റ്** : യൂണിറ്റ് 1, ആദ്യകാല മനുഷ്യജീവിതം

**പഠനനേട്ടം** : ശിലായുഗ കേന്ദ്രങ്ങൾ പട്ടികപ്പെടുത്തുന്നു.

**ആശയം** : വിവിധ ശിലായുഗകേന്ദ്രങ്ങൾ

**ചിന്താശേഷികൾ** : താരതമ്യം ചെയ്യൽ, തരംതിരിക്കൽ

**Q** വിവിധ ശിലായുഗകേന്ദ്രങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു. അവയെ പ്രാചീന ശിലായുഗം, നവീനശിലായുഗം, താമ്ര ശിലായുഗം എന്നിങ്ങനെ പട്ടികപ്പെടുത്തുക.

- ഭിംബേഡ്ക
- മെഹർഗഡ്
- ജറീക്കോ
- എടയ്ക്കൽ
- ഹോയൂക്ക്
- അൾട്ടാമിറ

**സൂചകങ്ങൾ**

| പ്രാചീന ശിലായുഗം | നവീനശിലായുഗം | താമ്രശിലായുഗം |
|---|---|---|
| • അൾട്ടാമിറ | • എടയ്ക്കൽ | • മെഹർഗഡ് |
| • ഭിംബേഡ്ക | • ജറീക്കോ | • ഹോയൂക്ക് |

(3)

**ചോദ്യം 5**

| | | |
|---|---|---|
| **യൂണിറ്റ്** | : | യൂണിറ്റ് 2, നദീതട സംസ്കാരങ്ങളിലൂടെ |
| **പഠനനേട്ടം** | : | വെങ്കലയുഗ സംസ്കാരങ്ങൾ ആവിർഭവിച്ച പ്രദേശങ്ങൾ തിരിച്ചറിയുന്നു. |
| **ആശയം** | : | വെങ്കലയുഗസംസ്കാരങ്ങൾ രൂപംകൊണ്ട പ്രദേശങ്ങൾ |
| **ചിന്താശേഷികൾ** | : | താരതമ്യം ചെയ്യൽ, തരംതിരിക്കൽ, സാമാന്യവത്ക്കരിക്കൽ |




**Q** വിവിധ വെങ്കലയുഗ സംസ്കാരങ്ങൾ നിലനിന്നിരുന്ന പ്രദേശങ്ങളാണ് ചിത്രത്തിൽ A, B, C, D എന്ന് രേഖപ്പെടുത്തിയിട്ടുള്ളത്. ഏതേത് സംസ്കാരമാണ് ഓരോ പ്രദേശത്തും വികാസം പ്രാപിച്ചതെന്നെഴുതുക. (4)

**സൂചകങ്ങൾ**

A. ഈജിപ്ഷ്യൻ സംസ്കാരം
B. മെസൊപ്പൊട്ടാമിയൻ സംസ്കാരം
C. സിന്ധൂനദീതട സംസ്കാരം
D. ചൈനീസ് സംസ്കാരം

**ചോദ്യം 6**

| | | |
|---|---|---|
| **യൂണിറ്റ്** | : | യൂണിറ്റ് 2, നദീതട സംസ്കാരങ്ങളിലൂടെ |
| **പഠനനേട്ടം** | : | മെസൊപ്പൊട്ടാമിയൻ സംസ്കാരത്തിന്റെ പ്രധാനപ്പെട്ട നേട്ടങ്ങളും സവിശേഷതകളും വിശകലനം ചെയ്യുന്നു. |
| **ആശയം** | : | മെസൊപ്പെട്ടോമിയൻ സംസ്കാരം |
| **ചിന്താശേഷികൾ** | : | ബന്ധം കണ്ടെത്തൽ, നിഗമനം രൂപപ്പെടുത്തൽ |

**Q** മെസൊപ്പൊട്ടാമിയൻ സംസ്കാരത്തെ അടിസ്ഥാനമാക്കി താഴെ നൽകിയിട്ടുള്ള പദസൂര്യൻ പൂർത്തിയാക്കുക.



**സൂചകങ്ങൾ**

- യൂഫ്രട്ടീസ്, ടൈഗ്രീസ് നദീതടം
- സിഗററ്റുകൾ
- ചന്ദ്രനെ അടിസ്ഥാനമാക്കിയുള്ള കലണ്ടർ
- ഹരണം, ഗുണനം, വർഗ്ഗമൂലം
- ഉർ, ഉറുക്ക്, ലഗാഷ് - പ്രാചീനനഗരങ്ങൾ
  (ഏതെങ്കിലും മൂന്നു വസ്തുതകൾ എഴുതുന്നു) (1 x 3 = 3)

**ചോദ്യം 7**

**യൂണിറ്റ്** : യൂണിറ്റ് 3, ഭൗമരഹസ്യങ്ങൾ തേടി

**പഠനനേട്ടം** : വിവിധതരം അപക്ഷയപ്രക്രിയ വിവരിക്കുകയും അപക്ഷയ പ്രക്രിയയുടെ പ്രാധാന്യം വ്യക്തമാക്കുകയും ചെയ്യുന്നു.

**ആശയം** : അപക്ഷയങ്ങൾ, പ്രയോജനങ്ങൾ

**ചിന്താശേഷികൾ** : തരംതിരിക്കൽ, പട്ടികപ്പെടുത്തൽ, ബന്ധം കണ്ടെത്തൽ, നിഗമനം രൂപീകരിക്കൽ

**Q** അപക്ഷയപ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക.

(a) ഫ്ളോ ചാർട്ടിൽ വിട്ടുപോയ ഭാഗം പൂരിപ്പിക്കുക. (2)




(b) അപക്ഷയ പ്രവർത്തനങ്ങൾ മനുഷ്യന് നൽകുന്ന രണ്ട് പ്രയോജനങ്ങൾ എഴുതുക. (2)

**സൂചകങ്ങൾ**

(a) • ഭൗതിക അപക്ഷയം (1)
  • ജൈവിക അപക്ഷയം (1)

(b) • ശിലകളിലെ ധാതുക്കൾ വേർതിരിക്കപ്പെടുന്നു. (1)
  • അപക്ഷയം മണ്ണിന്റെ രൂപീകരണത്തിന് കാരണമാകുന്നു. (1)

**ചോദ്യം 8**

**യൂണിറ്റ്** : യൂണിറ്റ് 3, ഭൗമരഹസ്യങ്ങൾ തേടി

**പഠനനേട്ടം** : ഭൗമപാളികളുടെ സവിശേഷതകൾ പട്ടികപ്പെടുത്തുന്നു.

**ആശയം** : ഭൂവല്ക്കം, സിയാൽ, സീമ

**ചിന്താശേഷികൾ** : താരതമ്യം ചെയ്യൽ, ബന്ധം കണ്ടെത്തൽ

ഭൂമിയുടെ ഘടനയിലെ ഏറ്റവും പുറമെയുള്ള പാളിയാണ് ഭൂവല്ക്കം.

**Q** (a) ഭൂവൽക്കത്തെ രണ്ടുപാളികളായി തിരിച്ചിരിക്കുന്നു. അവ ഏതെല്ലാം? (1)

(b) ഓരോ ഭൂവല്ക്കപാളിയിലും മുഖ്യമായും അടങ്ങിയിരിക്കുന്ന മൂലകങ്ങൾ ഏതെല്ലാം? (2)

(c) അടങ്ങിയിരിക്കുന്ന മൂലകങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ ഭൂവല്ക്കപാളികളും ഏതേത് പേരുകളിൽ അറിയപ്പെടുന്നു. (2)

**സൂചകങ്ങൾ**

(a) വൻകര ഭൂവല്ക്കം, സമുദ്ര ഭൂവല്ക്കം (1)

(b)
- സിലിക്ക, അലുമിനിയം (1)
- സിലിക്ക, മഗ്നീഷ്യം (1)

(c)
- വൻകര ഭൂവല്ക്കം, സിയൽ (1)
- സമുദ്ര ഭൂവല്ക്കം - സിമ (1)

**ചോദ്യം 9**

**യൂണിറ്റ്** : യൂണിറ്റ് 3, ഭൗമരഹസ്യങ്ങൾ തേടി

**പഠനനേട്ടം** : ഭൗമപാളികളുടെ സവിശേഷതകൾ പട്ടികപ്പെടുത്തുന്നു.

**ആശയം** : ശിലാമണ്ഡലം

**ചിന്താശേഷികൾ** : താരതമ്യം ചെയ്യൽ, സാമാന്യവല്ക്കരിക്കൽ, ബന്ധം കണ്ടെത്തൽ

**Q** ചുവടെ കൊടുത്തിട്ടുള്ളവയിൽ ശിലാമണ്ഡലം ഉൾപ്പെടുന്ന മേഖല ഏതാണ്? (1)

(a) വൻകര ഭൂവല്ക്കം

(b) സമുദ്ര ഭൂവല്ക്കം

(c) മാന്റിലിന്റെ ഉപരിഭാഗം

(d) മുകളിൽ സൂചിപ്പിച്ചിട്ടുള്ള മൂന്നു മേഖലകൾ

**സൂചകങ്ങൾ**

(d) മുകളിൽ സൂചിപ്പിച്ചിട്ടുള്ള മൂന്നു മേഖലകൾ (1)

**ചോദ്യം 10**

**യൂണിറ്റ്** : യൂണിറ്റ് 4, നമ്മുടെ ഗവൺമെന്റ്

**പഠനനേട്ടം** : ലോകസഭയുടെയും രാജ്യസഭയുടെയും സവിശേഷതകൾ താരതമ്യം ചെയ്യുന്നു.

**ആശയം** : നിയമനിർമ്മാണവിഭാഗം

**ചിന്താശേഷികൾ** : താരതമ്യം ചെയ്യൽ, വിശദീകരിക്കൽ, യുക്തിപൂർവ്വം സമർത്ഥിക്കൽ

**Q** ചുവടെ നൽകിയിട്ടുള്ള സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ലോകസഭ, രാജ്യസഭ എന്നിവ താരതമ്യം ചെയ്ത് ഒരു കുറിപ്പ് തയാറാക്കുക. (4)

- അംഗസംഖ്യ
- കാലാവധി
- അധ്യക്ഷൻ
- നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ എണ്ണം

**സൂചകങ്ങൾ**

- ലോകസഭ - 543 അംഗങ്ങൾ, രാജ്യസഭ - 238 അംഗങ്ങൾ (1)
- ലോകസഭ - 5 വർഷം, രാജ്യസഭ - സ്ഥിരം സഭ (1)
- ലോകസഭ - സ്പീക്കർ, രാജ്യസഭ - ഉപരാഷ്ട്രപതി (1)
- ലോകസഭ - 2 അംഗങ്ങൾ, രാജ്യസഭ - 12 അംഗങ്ങൾ (1)

**ചോദ്യം 11**

| | | |
|---|---|---|
| **യൂണിറ്റ്** | : | യൂണിറ്റ് 4, നമ്മുടെ ഗവൺമെന്റ് |
| **പഠനനേട്ടം** | : | രാഷ്ട്രപതിയുടെ ചുമതല വിലയിരുത്തുന്നു. |
| **ആശയം** | : | രാഷ്ട്രപതിയുടെ ചുമതലകൾ |
| **ചിന്താശേഷികൾ** | : | വ്യാഖ്യാനിക്കൽ, ബന്ധം കണ്ടെത്തൽ, സമർത്ഥിക്കൽ |

**Q** പാർലമെന്റ് അംഗമല്ലെങ്കിലും രാഷ്ട്രപതി പാർലമെന്റിന്റെ അഭിഭാജ്യഘടകമാണ്. നിങ്ങളുടെ ഉത്തരം സമർത്ഥിക്കുക. (3)

**സൂചകങ്ങൾ**

- പാർലമെന്റ് സമ്മേളനം വിളിക്കുക (1)
- സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യുക (1)
- ബില്ലുകൾക്ക് അംഗീകാരം നൽകുക (1)

**ചോദ്യം 12**

| | | |
|---|---|---|
| **യൂണിറ്റ്** | : | യൂണിറ്റ് 7, സമ്പദ്ശാസ്ത്രചിന്തകൾ |
| **പഠനനേട്ടം** | : | സാമ്പത്തികശാസ്ത്രത്തിന്റെ നിർവചനങ്ങളിൽ ഓരോ കാലഘട്ടത്തിലും വന്ന മാറ്റം അപഗ്രഥിക്കുന്നു. |
| **ആശയം** | : | വിവിധ സാമ്പത്തികശാസ്ത്രചിന്തകൾ |
| **ചിന്താശേഷികൾ** | : | താരതമ്യം ചെയ്യൽ, തരംതിരിക്കൽ, ക്രമീകരിക്കൽ, ബന്ധം കണ്ടെത്തൽ |

**Q** സാമ്പത്തികശാസ്ത്രചിന്തകരും അവരുടെ ചിന്തകളുമാണ് A, B കോളങ്ങളിൽ കൊടുത്തിട്ടുള്ളത്. അവയെ ശരിയായവിധം ക്രമപ്പെടുത്തുക. (5)

| | A | B |
|---|---|---|
| 1 | ആൽഫ്രഡ് മാർഷൽ | ട്രസ്റ്റീഷിപ്പ് |
| 2 | ദാദഭായി നവ്റോജി | ക്ഷേമസാമ്പത്തികശാസ്ത്രം |
| 3 | മഹാത്മാഗാന്ധി | ചോർച്ചാസിദ്ധാന്തം |
| 4 | ചാണക്യൻ | ദാരിദ്ര്യരേഖ നിർണ്ണയത്തിലെ അപാകത കണ്ടെത്തൽ |
| 5 | അമർത്യാസെൻ | ഫലപ്രദമായ സാമ്പത്തിക പ്രവർത്തനവും വരുമാനനഷ്ടം തടയലും |

**സൂചകങ്ങൾ**

| | A | B |
|---|---|---|
| 1 | ആൽഫ്രഡ് മാർഷൽ | ക്ഷേമസാമ്പത്തികശാസ്ത്രം |
| 2 | ദാദഭായി നവ്റോജി | ചോർച്ചാസിദ്ധാന്തം |
| 3 | മഹാത്മാഗാന്ധി | ട്രസ്റ്റീഷിപ്പ് |
| 4 | ചാണക്യൻ | ഫലപ്രദമായ സാമ്പത്തിക പ്രവർത്തനവും വരുമാനനഷ്ടം തടയലും |
| 5 | അമർത്യാസെൻ | ദാരിദ്ര്യരേഖ നിർണ്ണയത്തിലെ അപാകത കണ്ടെത്തൽ |

**ചോദ്യം 13**

| | | |
|---|---|---|
| **യൂണിറ്റ്** | : | യൂണിറ്റ് 4, നമ്മുടെ ഗവൺമെന്റ് |
| **പഠനനേട്ടം** | : | ഇന്ത്യയിലെ നിയമനിർമ്മാണ നടപടിക്രമം വിശദമാക്കുന്നു. |
| **ആശയം** | : | നിയമനിർമ്മാണ പ്രക്രിയകൾ |
| **ചിന്താശേഷികൾ** | : | തരംതിരിക്കൽ, ബന്ധം കണ്ടെത്തൽ |

**Q** ഇന്ത്യയിൽ നിയമനിർമ്മാണവുമായി ബന്ധപ്പെട്ട ചില പ്രസ്താവനകളാണ് താഴെ കൊടുത്തിട്ടുള്ളത്. അവയിൽ **ശരിയായ പ്രസ്താവനകൾ** ഏതെല്ലാം? (3)

1. കേരളത്തിനു ദ്വിമണ്ഡലനിയമനിർമ്മാണ സഭയാണ് ഉള്ളത്.
2. ഏതൊരു ബില്ലും ആദ്യം അവതരിപ്പിക്കുന്നത് ലോകസഭയിലായിരിക്കും.
3. ബിൽ നിയമമാകണമെങ്കിൽ രാഷ്ട്രപതിയുടെ അംഗീകാരം ആവശ്യമാണ്.
4. ധനബിൽ നിയമമാകണമെങ്കിൽ രാജ്യസഭയുടെ അംഗീകാരം നിർബന്ധമില്ല.
5. പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിക്കുന്നത് രാഷ്ട്രപതിയാണ്.
6. രാജ്യസഭ ഒരു സ്ഥിരം സഭയാണ്.

**സൂചകങ്ങൾ**

- 3, 4, 6 എന്നിവ ശരിയായ പ്രസ്താവനകളാണ്. (1 X 3 = 3)

**ചോദ്യം 14**

| | | |
|---|---|---|
| **യൂണിറ്റ്** | : | യൂണിറ്റ് 7, സമ്പദ്ശാസ്ത്രചിന്തകൾ |
| **പഠനനേട്ടം** | : | അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങൾ വ്യക്തമാക്കുന്നു. |
| **ആശയം** | : | അടിസ്ഥാന സാമ്പത്തികപ്രശ്നങ്ങൾ |
| **ചിന്താശേഷികൾ** | : | സാമാന്യവല്ക്കരിക്കൽ, ബന്ധം കണ്ടെത്തൽ, നിഗമനം രൂപപ്പെടുത്തൽ, വിശദീകരിക്കൽ |

**Q** സാമ്പത്തികശാസ്ത്രത്തിലെ അടിസ്ഥാന പ്രശ്നങ്ങളെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. സമൂഹം ഏതൊരു സാമ്പത്തികപ്രവർത്തനം നടത്തുമ്പോഴും അടിസ്ഥാനപരമായ ചില ചോദ്യങ്ങൾ ഉയർത്തേണ്ടതുണ്ട്.

(a) എന്തൊക്കെ ചോദ്യങ്ങളാണ് ഉയർത്തേണ്ടത്?

(b) സാമ്പത്തികപ്രവർത്തനങ്ങളിൽ ഈ ചോദ്യങ്ങളുടെ പ്രസക്തിയെന്ത്? വിശദീകരിക്കുക. (5)

**സൂചകങ്ങൾ**

(a)
- എന്താണ് ഉല്പാദിപ്പിക്കേണ്ടത്? എത്ര അളവിൽ? (1)
- എങ്ങനെ ഉല്പാദിപ്പിക്കാം? (½)
- ആർക്കുവേണ്ടി? (½)

(b)
- വിഭവങ്ങൾ പരിമിതം - ഗുണകരമായ രീതിയിൽ ഉല്പാദിപ്പിക്കണം. (1)
- ലഭ്യമായ സാങ്കേതികവിദ്യയെ അടിസ്ഥാനപ്പെടുത്തി ഉല്പാദനം (1)
- ആവശ്യങ്ങളുടെ മുൻഗണന അനുസരിച്ച് ഉല്പാദനം. (1)

**ചോദ്യം 15**

**യൂണിറ്റ്** : യൂണിറ്റ് 6, ഭൂപടങ്ങൾ വായിക്കാം

**പഠനനേട്ടം** : തോത് ഉപയോഗപ്പെടുത്തി ഭൂപട ദൂരത്തിനു ആനുപാതികമായ യഥാർത്ഥ ദൂരം കണക്കാക്കുന്നു.

**ആശയം** : വിവിധതരം തോതുകൾ

**ചിന്താശേഷികൾ** : സാമാന്യവല്ക്കരിക്കൽ, വിശദീകരിക്കൽ, വ്യാഖ്യാനിക്കൽ

**Q** ഭൂപടത്തിൽ തോത് രേഖപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

(a) ഭൂപടങ്ങളിൽ തോത് രേഖപ്പെടുത്താൻ മൂന്ന് രീതികൾ ഉപയോഗിക്കുന്നു. അവയിൽ ഒന്നാണ് പ്രസ്താവനരീതി. മറ്റുള്ളവ ഏതെല്ലാം? (2)

(b) തോതു രേഖപ്പെടുത്താൻ വ്യത്യസ്ത രീതികൾ അവലംബിക്കേണ്ടതിന്റെ ആവശ്യകതയെന്ത്? വിശദമാക്കുക. (3)

**സൂചകങ്ങൾ**

(a)
- ഭിന്നകരീതി (1)
- രേഖാരീതി (1)

(b)
- പ്രസ്താവനരീതി - സാധാരണക്കാർക്ക് മനസ്സിലാക്കുവാൻ എളുപ്പമാണ്. (1)
- ഭിന്നകരീതി - വിവിധ രാജ്യങ്ങൾ ദൂരം അളക്കുന്നത് വ്യത്യസ്ത യൂണിറ്റുകളിലാണ്. (1)
- രേഖാരീതി - ചിത്രം വലുതാക്കിയോ ചെറുതാക്കിയോ ചെയ്യുമ്പോൾ ഉണ്ടാകുന്ന വൈകല്യം ഒഴിവാക്കുവാൻ. (1)

**ചോദ്യം 16**

**യൂണിറ്റ്** : യൂണിറ്റ് 6, ഭൂപടങ്ങൾ വായിക്കാം

**പഠനനേട്ടം** : ഭൂപടങ്ങളെ ഉള്ളടക്കത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് വിശദീകരിക്കുന്നു.

**ആശയം** : വിവിധതരം ഭൂപടങ്ങൾ

**ചിന്താശേഷികൾ** : താരതമ്യം ചെയ്യൽ, തരംതിരിക്കൽ

**Q** വിവിധതരം ഭൂപടങ്ങളുടെ പേരുകൾ ചുവടെ കൊടുത്തിരിക്കുന്നു. അവയെ **ഭൗതിക ഭൂപടങ്ങൾ, സാംസ്ക്കാരിക ഭൂപടങ്ങൾ** എന്നിങ്ങനെ തരംതിരിച്ചെഴുതുക.

- കാർഷികഭൂപടം • ജ്യോതിശാസ്ത്രഭൂപടം • ചരിത്രഭൂപടം
- മണ്ണ് ഭൂപടം • ദിനാവസ്ഥാഭൂപടം • റോഡ് ഭൂപടം
- ഭൂപ്രകൃതി ഭൂപടം • ഭൂവിനിയോഗ ഭൂപടം (4)

**സൂചകങ്ങൾ**

| ഭൗതികഭൂപടം | സാംസ്ക്കാരിക ഭൂപടം |
|---|---|
| മണ്ണ് ഭൂപടം | കാർഷികഭൂപടം |
| ജ്യോതിശാസ്ത്രഭൂപടം | ചരിത്രഭൂപടം |
| ഭൂപ്രകൃതി ഭൂപടം | റോഡ് ഭൂപടം |
| ദിനാവസ്ഥാഭൂപടം | ഭൂവിനിയോഗ ഭൂപടം |

- ഭൗതിക ഭൂപടങ്ങൾ എഴുതുന്നതിന്. (2)
- സാംസ്കാരിക ഭൂപടങ്ങൾ എഴുതുന്നതിന്. (2)

**ചോദ്യം 17**

**യൂണിറ്റ്** : യൂണിറ്റ് 5, പ്രാചീന തമിഴകം

**പഠനനേട്ടം** : തിണകളിലെ ജീവിതരീതിയും അവയുടെ പരസ്പരബന്ധവും വിശകലനം ചെയ്യുന്നു.

**ആശയം** : പ്രാചീന തമിഴകത്തിലെ സാമൂഹിക ജീവിതം – തിണകൾ

**ചിന്താശേഷികൾ** : പട്ടികപ്പെടുത്തൽ, താരതമ്യം ചെയ്യൽ

**Q** പ്രാചീന തമിഴകത്തെ തിണ, ഭൂപ്രകൃതി, തൊഴിൽ എന്നിവയുടെ അടിസ്ഥാനത്തിൽ അഞ്ചായി തരംതിരിച്ചത് ചുവടെ പട്ടികയിൽ കൊടുത്തിരിക്കുന്നു. വിട്ടുപോയവ പൂരിപ്പിക്കുക. (4)

| | **തിണ** | **ഭൂപ്രകൃതി** | **തൊഴിൽ** |
|---|---|---|---|
| 1 | കുറിഞ്ചി | a.......................................... | വനവിഭവശേഖരണം, വേട്ടയാടൽ, പുനംകൃഷി |
| 2 | b........................... | പുൽമേടുകൾ | c.......................................... |
| 3 | d........................... | വരണ്ടപ്രദേശങ്ങൾ | കന്നുകാലികവർച്ച |
| 4 | മരുതം | e.......................................... | f.......................................... |
| 5 | g........................... | തീരപ്രദേശം | h.......................................... |

**സൂചകങ്ങൾ**

(a) കാടും മലയും (b) മുല്ലൈ (c) കന്നുകാലിവളർത്തൽ
(d) പാലൈ (e) വയൽ (f) നെല്ല്, കരിമ്പ് കൃഷി (g) നെയ്തൽ
(h) മീൻപിടുത്തം, ഉപ്പുണ്ടാക്കൽ (½ x 8 = 4)

**ചോദ്യം 18**

**യൂണിറ്റ്** : യൂണിറ്റ് 3, ഭൗമരഹസ്യങ്ങൾ തേടി

**പഠനനേട്ടം** : ശിലകളെ രൂപീകരണത്തിന്റെ അടിസ്ഥാനത്തിൽ വർഗ്ഗീകരിച്ചിരിക്കുന്നു.

**ആശയം** : വിവിധതരം ശിലകൾ

**ചിന്താശേഷികൾ** : താരതമ്യം ചെയ്യൽ, തരംതിരിക്കൽ, ബന്ധം കണ്ടെത്തൽ, നിഗമനം രൂപപ്പെടുത്തൽ

**Q** ശിലകളുമായി ബന്ധപ്പെട്ട സൂചനകളാണ് പട്ടികയിൽ കൊടുത്തിട്ടുള്ളത്. സൂചനയെ അടിസ്ഥാനമാക്കി മറ്റ് കളങ്ങൾ പൂർത്തിയാക്കുക.

| **സൂചനകൾ** | **ശിലയുടെ പേര്** | **ഉദാഹരണം (ഒരെണ്ണം)** |
|---|---|---|
| പ്രാഥമിക ശിലകൾ എന്നും അറിയപ്പെടുന്നു. | A.......................... | ഗ്രാനൈറ്റ് |
| അടുക്ക് ശിലകൾ എന്നും അറിയപ്പെടുന്നു. | B.......................... | a.................................. |
| കേരളത്തിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്നു. | C.......................... | b.................................. |

(5)

**സൂചകങ്ങൾ**

A - ആഗ്നേയ ശില (1)
B - അവസാദ ശില (1)
C - കായാന്തരിത ശില (1)
a - മണൽക്കല്ല്, ചുണ്ണാമ്പുകല്ല് (1)
b - മാർബിൾ, സ്ലേറ്റ് (1)

**ചോദ്യം 19**

**യൂണിറ്റ്** : യൂണിറ്റ് 5, പ്രാചീന തമിഴകം
**പഠനനേട്ടം** : പ്രാചീന തമിഴകത്തിന്റെ പ്രത്യേകതകൾ തിരിച്ചറിയുന്നു.
സംഘം കൃതികളുടെ പ്രാധാന്യം വ്യക്തമാക്കുന്നു.
**ആശയം** : സംഘം കൃതികൾ
**ചിന്താശേഷികൾ** : ബന്ധം കണ്ടെത്തൽ, വ്യാഖ്യാനിക്കൽ, നിഗമനം രൂപപ്പെടുത്തൽ

**Q** പഴന്തമിഴ്പ്പാട്ടുകളെ അകംപാട്ടുകൾ എന്നും പുറംപാട്ടുകൾ എന്നും തരംതിരിച്ചിരിക്കുന്നു. ഓരോന്നിലേയും പ്രതിപാദ്യവിഷയങ്ങളെ വിശകലനം ചെയ്തു ഒരു കുറിപ്പെഴുതുക. (2)

**സൂചകങ്ങൾ**

- അകം പാട്ടുകൾ വ്യക്തിപരവും കുടുംബപരവുമായ കാര്യങ്ങൾ പ്രതിപാദിക്കുന്നു. (1)
- പുറംപാട്ടുകൾ യുദ്ധം, കച്ചവടം തുടങ്ങിയ കാര്യങ്ങൾ പ്രതിപാദിക്കുന്നു. (1)

**ചോദ്യം 20**

**യൂണിറ്റ്** : യൂണിറ്റ് 5, പ്രാചീന തമിഴകം
**പഠനനേട്ടം** : മഹാശിലാസ്മാരകങ്ങളെക്കുറിച്ച് വിശദീകരിക്കുന്നു.
**ആശയം** : മഹാശിലാസ്മാരകങ്ങൾ, ഉപകരണങ്ങൾ
**ചിന്താശേഷികൾ** : തരംതിരിക്കൽ, പട്ടികപ്പെടുത്തൽ, സാമാന്യവല്ക്കരിക്കൽ, ബന്ധം കണ്ടെത്തൽ

**Q** മഹാശിലാസ്മാരകങ്ങളിലെ അവശിഷ്ടങ്ങൾ പ്രാചീനതമിഴകത്തെ മനുഷ്യജീവിതത്തെക്കുറിച്ചുള്ള വിവരങ്ങളാണ്.

(a) മഹാശിലാസ്മാരകങ്ങളിൽ നിന്ന് ലഭിച്ചിട്ടുള്ള ഉപകരണങ്ങൾ ഏതെല്ലാം? (2)
(b) എന്തുകൊണ്ടാണ് ഈ കാലഘട്ടത്തെ ദക്ഷിണേന്ത്യൻ ചരിത്രത്തിൽ ഇരുമ്പുയുഗമെന്ന് വിശേഷിപ്പിക്കുന്നത്? (1)

**സൂചകങ്ങൾ**

(a) വാൾ, കുന്തം, കത്തി, ചൂണ്ടക്കൊളുത്ത്, വിളക്ക്, ആണികൾ, വിളക്കുകാൽ എന്നിവയിൽ ഏതെങ്കിലും നാലെണ്ണം. (2)
(b) ഉപകരണങ്ങൾ നിർമ്മിക്കപ്പെട്ടിരിക്കുന്നത് ഇരുമ്പുകൊണ്ടാണ്. (1)